**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 749** | **09-06-2021 - ൽ മറുപടിയ്ക്ക്**

**യുവജനങ്ങളുടെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri Saji Cherian<br>(മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് സെന്ററുകൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും കൃഷി, സാംസ്കാരികം തുടങ്ങിയ മേഖലകളിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (എ) | യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ താഴെത്തട്ടിലേക്ക് എത്തിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ യൂത്ത് സെന്ററുകൾ മുഖേനയാണ്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ യൂത്ത് സെന്ററിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത് യൂത്ത് കോ-ഓർഡിനേറ്ററും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ യൂത്ത് കോ-ഓർഡിനേറ്ററും യൂത്ത് കോ-ഓർഡിനേഷൻ കമ്മിറ്റിയും കോവിഡ് -19 മായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടത്തി വരികയാണ്. യൂത്ത് സെന്ററുകൾ വാർഡ് തലം വരെ രൂപീകരിച്ച് കൂടുതൽ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ തുടർന്നും നടത്തുന്നതാണ്. പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അവയെ നേരിടാൻ സജ്ജമായ യുവജനപങ്കാളിത്തത്തോടെയുള്ള വോളന്റിയർമാരെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സേനയാണ് കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്. ഇതിനകംതന്നെ 2000 യുവാക്കൾക്ക് പരിശീലനം നൽകി, 14 ജില്ലകളിലുമായി ഒരു സന്നദ്ധ സേനയ്ക്ക് രൂപം നൽകിയിട്ടുണ്ട്. കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം വരും വർഷങ്ങളിൽ കൂടുതൽ വ്യാപിപ്പിക്കേണ്ടതിന്റെ ഭാഗമായി ഈ സേന പഞ്ചായത്ത് തലം വരെ വ്യാപിപ്പിച്ചു വരികയാണ്. പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ വാർഡ് തലങ്ങളിൽവരെ യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിക്കുകയും അവർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്യും. വോളന്റിയർമാർ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുന്നുണ്ട്. കൗൺസിലിംഗ്, സാങ്കേതിക |

വൈദഗ്ധ്യം, സർവ്വേ, ശുചീകരണ മാലിന്യമുക്ത പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലായി വൈവിധ്യമാർന്ന ടീമുകളെ ഈ പദ്ധതിയുടെ ഭാഗമായി സജ്ജമാക്കും. കൂടാതെ കോവിഡ് പോലുള്ള മഹാമാരികളെ പ്രതിരോധിക്കുന്നതിനും പ്രകൃതി ദുരന്തങ്ങളിൽ സർക്കാർ സംവിധാനങ്ങളെ സഹായിക്കുന്നതിനും വേണ്ടിയുള്ള പ്രത്യേക ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കും. കോവിഡ് 19 കാലഘട്ടത്തിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും യുവാക്കളിൽ കാർഷികവൃത്തിയുടെ പ്രാധാന്യം ഉളവാക്കുന്നതിനുമായി, ബോർഡ് തുടക്കം കുറിച്ച യുവത്വം കൃഷിയിലേക്ക് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു ജില്ലയിൽ/ പഞ്ചായത്തിൽ കുറഞ്ഞത് ഒരു യൂത്ത് ക്ലബ്ബിനെയും 30 കോ-ഓർഡിനേറ്റർമാരെയും 14 ജില്ലാ യുവജനകേന്ദ്രങ്ങളെയും ഈ പദ്ധതിയുടെ ഭാഗമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി അവർ ചെയ്യുന്ന കൃഷിയുടെ രീതിയും സ്വഭാവവും അനുസരിച്ച് ബോർഡ് സാമ്പത്തിക സഹായവും മികച്ച കൃഷിക്ക് അവാർഡുകളും നൽകും. സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ട്, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാതലങ്ങളിലായി 5 ലക്ഷത്തിലധികം യുവ കലാ-കായിക പ്രതിഭകൾ മാറ്റുരയ്ക്കുന്ന കേരളോത്സവം എല്ലാ വർഷവും സംഘടിപ്പിച്ചു വരുന്നു. പ്രശസ്ത നാടൻപാട്ട് കലാകാരൻ കലാഭവൻ മണിയുടെ സ്മരണാർത്ഥം മണിനാദം എന്ന പേരിൽ കലാഭവൻ മണി മെമ്മോറിയൽ നാടൻപാട്ട് മത്സരം സംഘടിപ്പിച്ചു വരുന്നു. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ തനത് നാടൻ കലാരൂപങ്ങളെ കുറിച്ച് മനസ്സിലാക്കുക, അതിലൂടെ നാടിന്റെ സാംസ്കാരിക പാരമ്പര്യത്തെ തിരിച്ചറിയുക അതുവഴി വൈവിധ്യത്തിനുള്ളിൽ ഒളിഞ്ഞിരിക്കുന്ന നമ്മുടെ ഏകത്വം മനസ്സിലാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി നാഷണൽ ഫോക് ഫെസ്റ്റ് ഓഫ് കേരള സംഘടിപ്പിച്ചു വരുന്നു. യുവജനങ്ങളുടെ പങ്കാളിത്തത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് സാമൂഹ്യ നൻമയ്ക്ക് ലക്ഷ്യം വച്ചുകൊണ്ട് വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഡോക്യുമെന്ററികൾ നിർമ്മിക്കുകയും, വിവിധ മേഖലകളിലുള്ള ഷോർട്ട് ഫിലിമുകൾക്ക് മത്സരങ്ങൾ സംഘടിപ്പിക്കുകയും ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുകയും ചെയ്തു വരുന്നു. ഈ വർഷവും മേൽ സൂചിപ്പിച്ച സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരള

| | | | |
|---|---|---|---|
| | | | സംസ്ഥാന യുവജന കമ്മീഷൻ യൂത്ത് ഡിഫൻസ് ഫോഴ്സ് രൂപീകരിച്ച് യൂത്ത് കോ-ഓർഡിനേറ്റർമാരെ ശക്തിപ്പെടുത്തുന്നതിനും പ്രകൃതി ദുരന്തങ്ങൾ നേരിടുന്നതിനും കൃഷി, സംസ്കാരികം തുടങ്ങിയ മേഖലകളിൽ യുവജനങ്ങളെ സജീവമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ